പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *270 11/10/2011-ലെ മറുപടിക്ക്

## ജോലി സാധ്യതയുള്ള പുതിയ എഞ്ചിനീയറിംഗ് കോഴ്സുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.റ്റി. ജോർജ്.<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) സംസ്ഥാനത്തെ എയ്ഡഡ്/സർക്കാർ/അർദ്ധ സർക്കാർ കോളേജുകളിൽ ആധുനികവും ജോലി സാദ്ധ്യതയുമുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;<br>ബി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇത്തരം കോഴ്സുകൾ തുടങ്ങുന്നതിനെക്കുറിച്ചുള്ള സർക്കാർ നയം എന്താണ്; വിശദമാക്കാമോ;<br>സി) പ്രസ്തുത കോളേജുകളിലെ പ്രവേശനം സംബന്ധിച്ച് സർക്കാരുമായി ദീർഘകാല കരാർ ഉണ്ടാക്കുമെങ്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;<br>ഡി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ? | എ), ബി) സി) & ഡി) സംസ്ഥാനത്തെഎയ്ഡഡ്/സർക്കാർ/അർദ്ധ സർക്കാർ കോളേജുകളിൽ ഇപ്പോൾ തന്നെ ധാരാളം തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നുണ്ട്. പുതുതായി തുടങ്ങുന്ന സർക്കാർ കോളേജുകളിൽ ജോലി സാധ്യതയുള്ള പുതിയ കോഴ്സുകൾക്ക് മുന്തിയ പരിഗണന നൽകുന്നുണ്ട്. നിർദ്ദിഷ്ട അട്ടപ്പാടി സർക്കാർ കോളേജിൽ ബി.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ, ബി.കോം. വിത്ത് കമ്പ്യൂട്ടർ സയൻസ് തുടങ്ങിയ കോഴ്സുകളും പുതുതായി ആരംഭിച്ച അമ്പലപ്പുഴ സർക്കാർ കോളേജിൽ ബി.കോം വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ എ.ഐ.സി.ടി.ഇ. പോലെയുള്ള റഗുലേറ്ററി ബോഡീസ് അംഗീകരിക്കുന്നതും ബന്ധപ്പെട്ട യൂണിവേഴ്സിറ്റി ശുപാർശ ചെയ്യുന്നതുമായ കോഴ്സുകൾക്കാണ് എൻ.ഒ.സി. നൽകുന്നത്. ഈ കോഴ്സുകൾ അനുവദിക്കുന്നതിന് മുൻപ് സ്വാശ്രയ കോളേജുകൾ സർക്കാരുമായി നിശ്ചിത വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് കരാറിൽ ഒപ്പുവയ്ക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ